# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 128** **09/06/2014-ൽ മറുപടിയ്ക്ക്**

## ഭവന നിർമ്മാണം വിലക്കിക്കൊണ്ടുള്ള തീരദേശ പരിപാലന അതോറിറ്റിയുടെ സർക്കുലർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ: | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) തീരദേശത്ത് ഭവനനിർമ്മാണം വിലക്കിക്കൊണ്ടുള്ള തീരദേശ പരിപാലന അതോറിറ്റിയുടെ സർക്കുലർമൂലം പാവപ്പെട്ട മത്സ്യത്തൊലാളികൾ ഏറെ ദുരിതത്തിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും (ഡി) യും കേന്ദ്ര സർക്കാരിന്റെ തീരദേശ പരിപാലന വിജ്ഞാപനം നടപ്പിലാക്കുമ്പോൾ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്കും തീരദേശവാസികൾക്കും വീട് നിർമ്മാണത്തിന് അനുമതി കിട്ടുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വേമ്പനാട് കായൽ തീരത്ത് ചില അനധികൃത കയ്യേറ്റങ്ങൾക്കെതിരെ ബഹു. ഹൈക്കോടതിയുടെയും ബഹു. സുപ്രീം കോടതിയുടെ SUO Motto കേസിൽ ശക്തമായ വിമർശനം ഉണ്ടായതിന്റെ വെളിച്ചത്തിൽ CRZ ക്ലിയറൻസിനുള്ള നടപടിക്രമങ്ങളും, തീരദേശ പരിപാലന നിയമം കൃത്യമായും കാര്യക്ഷമമായും നടപ്പിലാക്കണമെന്ന് കാണിച്ച്കൊണ്ട് കേരള തീരദേശ പരിപാലന അതോറിറ്റിയുടെ തീരുമാനപ്രകാരം ശാസ്ത്ര സാങ്കേതിക വകുപ്പിൽ നിന്നും തീരദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകികൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കുലർ പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് വിലക്ക് ഏർപ്പെടുത്തിയിട്ടില്ല. മറിച്ച് തീരദേശ നിയന്ത്രണ പരിപാലന നിയമപ്രകാരം തീരദേശത്ത് ഭവന നിർമ്മാണത്തിന് ചില നിബന്ധനകൾക്ക് വിധേയമായി തീരദേശ പരിപാലന അതോറിറ്റി മുഖേന മാത്രമേ അനുമതി ലഭിക്കുകയുള്ളൂ |
| (ബി) ഇതു സംബന്ധിച്ച് മുഖ്യമന്ത്രി നിയമസഭയിൽ നൽകിയ ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ; | |
| (സി) പ്രസ്തുത സർക്കുലർ സംസ്ഥാന സർക്കാരിന് മരവിപ്പിക്കാൻ അധികാരമുണ്ടോ; | |
| (ഡി) ഇതു സംബന്ധിച്ച് മത്സ്യത്തൊഴിലാളികളുടെ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ? | |

എന്ന് വ്യക്തമാക്കുകയാണ് ചെയ്തിരിക്കുന്നത്. പ്രസ്തുത നിയമം മൂലം പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ഏറെ ബുദ്ധിമുട്ടുള്ളതായി അറിയാൻ സാധിച്ചു.

കേന്ദ്ര സർക്കാരിന്റെ വനം - പരിസ്ഥിതി മന്ത്രാലയം 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ വ്യവസ്ഥകൾ അധികരിച്ച് പുറപ്പെടുവിച്ചിട്ടുള്ള തീരദേശ പരിപാലന വിജ്ഞാപനത്തിൽ മാറ്റങ്ങൾ വരുത്താനുള്ള അധികാരം കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയത്തിൽ നിക്ഷിപ്തമായിരിക്കുന്നതിനാൽ മത്സ്യത്തൊഴിലാളികൾക്ക് തങ്ങളുടെ വീടുകൾ നിർമ്മിക്കുന്നതിനാവശ്യമായ ഇളവുകൾ നൽകികൊണ്ട് വിജ്ഞാപനം ഭേദഗതി ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രിക്ക് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത മെമ്മോറാണ്ടം അനുകൂലമായി പരിഗണിക്കണമെന്ന് കേരള തീരദേശ പരിപാലന അതോറിറ്റിയും കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്.

സെക്ഷൻ ആഫീസർ